> ദക്ഷിണാഫ്രിക്കയിൽ ആദ്യമായൊരു ടെസ്റ്റ് പരമ്പര വിജയം നേടാൻ സാദ്ധ്യതയുള്ള ടീമാണ് വിരാട് കൊഹ്‌ലിയുടേത്. മികച്ച നിലവാരമുള്ള പേസർമാരും സ്പിന്നർമാരും ഒപ്പം ഹാർദിക് പാണ്ഡ്യയെന്ന കഴിവുറ്റ ആൾറൗണ്ടറും ഈ ടീമിലുണ്ട്. ദക്ഷിണാഫ്രിക്കയിലേക്ക് തിരിക്കുംമുമ്പ് നമ്മുടെ ബാറ്റ്സ്മാൻമാർക്ക് ഹോം സീസണിൽ മികച്ച പ്രകടനവും നടത്താനായിട്ടുണ്ട്.
> - രാഹുൽ ദ്രാവിഡ്

ടെസ്റ്റ് ബാറ്റിംഗ് : വിരാട് കൊഹ്‌ലി രണ്ടാം റാങ്കിൽ

ദുബായ്: ശ്രീലങ്കയ്ക്കെതിരായ ടെസ്റ്റ് പരമ്പരയിലെ അതിഗംഭീര പ്രകടനത്തോടെ ഇന്ത്യൻ നായകൻ വിരാട് കൊഹ്‌ലി ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിലിന്റെ ടെസ്റ്റ് ബാറ്റ്സ്മാൻ റാങ്കിംഗിൽ രണ്ടാംസ്ഥാനത്തേക്ക് ഉയർന്നു. ലങ്കയ്ക്കെതിരായ അവസാനടെസ്റ്റിനുമുമ്പ് അഞ്ചാം സ്ഥാനത്തായിരുന്ന കൊഹ്‌ലി മൂന്ന് പടവുകൾ കയറിയാണ് രണ്ടാമതെത്തിയത്.

ലങ്കയ്ക്കെതിരായ പരമ്പരയ്ക്കുമുമ്പ് ആറാം സ്ഥാനത്തായിരുന്ന ഇന്ത്യൻ നായകൻ. ഇടർച്ചയായ രണ്ട് ഇരട്ടസെഞ്ച്വറികൾ ഉൾപ്പെടെ 610 റൺസ് മൂന്ന് ടെസ്റ്റുകളിൽനിന്ന് സ്വന്തമാക്കിയ കൊഹ്‌ലി ഡേവിഡ് വാർണർ, ചേതേശ്വർ പുജാര, കേൻവില്യംസൺ, ജോറൂട്ട് എന്നിവരെയാണ് മറികടന്നത്. ആസ്ട്രേലിയൻ നായകൻ സ്റ്റീവൻ സ്മിത്താണ് ഒന്നാംറാങ്കിൽ 938 റാങ്കിംഗ് പോയിന്റോടെ സ്മിത്തിനുള്ളത്. കൊഹ്‌ലിക്ക് 893 പോയിന്റും. ഇംഗ്ലണ്ട് ക്യാപ്ടൻ ജോറൂട്ട് 879 പോയിന്റുമായി മൂന്നാമതുണ്ട്. നാലാംസ്ഥാനത്തുള്ള ചേതേശ്വർ പുജാരയ്ക്ക് 873 പോയിന്റാണുള്ളത്.

ഐ.സി.സി ഏകദിന, ട്വന്റി 20 ബാറ്റ്സ്മാൻ റാങ്കിംഗിൽ ഒന്നാംസ്ഥാനത്തുള്ള വിരാട് കൊഹ്‌ലിക്ക് നിലവിലെ ഫോം തുടരാനായാൽ മൂന്ന് ഫോർമാറ്റിലും ഒന്നാംസ്ഥാനം നേടി റിക്കി പോണ്ടിംഗിന്റെ റെക്കാഡിനൊമെത്താനാകും. സ്മിത്തും കൊഹ്‌ലിയും തമ്മിൽ ഇപ്പോൾ 45 റാങ്കിംഗ് പോയിന്റിന്റെ വ്യത്യാസമാണുള്ളത്. ആഷസ് പരമ്പരയിൽ ഇനി മൂന്ന് ടെസ്റ്റുകൾ കൂടി ഉള്ളതിനാൽ സ്മിത്തിനും ജോറൂട്ടിനും റാങ്കിംഗ് മെച്ചപ്പെടാൻ ഈ മാസംതന്നെ അവസരമുണ്ട്. കൊഹ്‌ലിക്ക് അടുത്തമാസം ദക്ഷിണാഫ്രിക്കയ്ക്കെതിരെയാണ് അടുത്തടെസ്റ്റ്പരമ്പരകളുള്ളത്. സ്മിത്ത് കഴിഞ്ഞവാരം 941 റാങ്കിംഗ് പോയിന്റിലെത്തി റെക്കാഡ് സ്വന്തമാക്കിയിരുന്നതാണ്. ഈ വാരം മൂന്ന് പോയിന്റ് നഷ്ടമായെങ്കിലും ഒന്നാംസ്ഥാനത്ത് സുരക്ഷിതമായി തുടരുകയാണ്.

മറ്റ് ഇന്ത്യൻ ബാറ്റ്സ്മാൻമാരിൽ ഓപ്പണർ മുരളി വിജയ് മൂന്ന് പടവ് ഉയർന്ന് 25-ാമതെത്തി. രോഹിത് ശർമ്മ ആറ് പടവ് ഉയർന്ന് 40-ാമത് എത്തി. കഴിഞ്ഞവാരം രണ്ടാം റാങ്കിലായിരുന്ന പുജാര കൊഹ്‌ലിയുടെയും ജോറൂട്ടിന്റെയും മുന്നേറ്റത്തിലാണ് നാലാമതായത്.

ബൗളർമാരുടെ റാങ്കിംഗിൽ രവീന്ദ്ര ജഡേജ ഒരുപടവ് ഇറങ്ങി മൂന്നാമതായപ്പോൾ അശ്വിൻ നാലാംസ്ഥാനത്ത് തുടരുകയാണ്. ആൾറൗണ്ടർമാരുടെ പട്ടികയിൽ ജഡേജ രണ്ടാംസ്ഥാനത്ത് തുടരുമ്പോൾ അശ്വിൻ ഒരുപടവ് ഇറങ്ങി നാലാമതാണ്. ടീം റാങ്കിംഗിൽ 124 പോയിന്റുമായി ഇന്ത്യ ഒന്നാംസ്ഥാനത്ത് തുടരുകയാണ്. 111 പോയിന്റുള്ള ദക്ഷിണാഫ്രിക്കയാണ് രണ്ടാംസ്ഥാനത്ത്.

ഐ.സി.സി ബാറ്റിംഗ് ടോപ് 5

(താരം, റാങ്കിംഗ് പോയിന്റ്)

1. സ്റ്റീവൻ സ്മിത്ത് - 938
2. വിരാട് കൊഹ്‌ലി - 893
3. ജോറൂട്ട് - 879
4. ചേതേശ്വർ പുജാര - 873
5. വില്യംസൺ - 865

- ടെസ്റ്റ്, ഏകദിനം, ട്വന്റി 20 എന്നിങ്ങനെ മൂന്ന് ഫോർമാറ്റുകളിലും ഒരേസമയം ഒന്നാംസ്ഥാനത്തുണ്ടായിരുന്നഒരേയൊരുബാറ്റ്സ്മാൻറിക്കിപോണ്ടിയാണ് (2005 - 06 സീസണിൽ)
- മാത്യു ഹെയ്ഡൻ വിവിധ സമയത്തായി മൂന്ന് ഫോർമാറ്റുകളിലെയും ഒന്നാംസ്ഥാനത്തുണ്ടായിരുന്നു.

വിരാടിന് വിശ്രമമോ,വിവാഹമോ?

ന്യൂഡൽഹി: ശ്രീലങ്കയ്ക്കെതിരായ ഏകദിന ട്വന്റി 20 പരമ്പരകളിൽനിന്ന് വിരാട് കൊഹ്‌ലി വിശ്രമം ആവശ്യപ്പെട്ട് മാറിനിൽക്കുന്നത് ബോളിവുഡ് നടിയും ദീർഘകാല കാമുകിയുമായ അനുഷ്ക ശർമ്മയുമായുള്ള വിവാഹത്തിനായാണെന്ന് സൂചനകൾ.

ഈ മാസം 12 ന് ഇവർ തമ്മിലുള്ള വിവാഹം ഇറ്റലിയിൽ വച്ച് നടക്കുമെന്നാണ് റിപ്പോർട്ടുകൾ. എന്നാൽ ഇത് വിവാഹമല്ല, വിവാഹനിശ്ചയമാണെന്ന വാർത്തകളും പുറത്തുവരുന്നുണ്ട്. വിരാടോ അനുഷ്കയോ ഇത് സംബന്ധിച്ച് ഔദ്യോഗികമായി ഒന്നും പുറത്തുവിട്ടിട്ടില്ല.

വിരാടിന്റെ അടുത്ത സുഹൃത്തുക്കളും ബന്ധുക്കളും ഇറ്റലിയിലേക്ക് പോകുന്നുണ്ട്. ഇത് വിവാഹചടങ്ങുകൾക്കുവേണ്ടിയാണെന്നാണ് അനുമാനം. വിരാടിന്റെ ആദ്യ പരിശീലകനും ഡൽഹി കോച്ചുമായ രാജ്കുമാർ ശർമ്മ ഇന്ന് ഡൽഹിയിൽ ഉടങ്ങുന്ന സി.കെ. നായിഡു ട്രോഫി സെമി ഫൈനലിൽ നിന്ന് അവധിയെടുത്തും പ്രിയ ശിഷ്യന്റെ വിവാഹത്തിൽ പങ്കെടുക്കാൻ വേണ്ടിയാണെന്ന് സൂചനകളുണ്ട്. പ്രമുഖ ഡിസൈനർ സവ്യസാചി കഴിഞ്ഞയാഴ്ച സവ്യസാചി മുഖർജി കഴിഞ്ഞവാരം അനുഷ്കയുടെ വീട്ടിലെത്തിയത് വിവാഹവസ്ത്രം ഡിസൈൻ ചെയ്യാനാണെന്ന് ശ്രുതിയുണ്ട്. ദീർഘനാളായി കാമുകീകാമുകന്മാരായ വിരാടും അനുഷ്കയും ഈ വർഷമൊടുവിൽ വിവാഹിതരായേക്കുമെന്ന് നേരത്തേ റിപ്പോർട്ടുകളുണ്ടായിരുന്നു. ഇന്ത്യൻ ടീമിന്റെ വിദേശപര്യടനങ്ങളിൽ അനുഷ്ക പലപ്പോഴും വിരാടിനെ അനുഗമിച്ചിരുന്നു.

> കഴിഞ്ഞ 48 മാസമായി ഞാൻ തുടർച്ചയായി കളിക്കളത്തിലുണ്ടായിരുന്നു. ഇപ്പോൾ എന്റെ ശരീരം വിശ്രമം ആവശ്യപ്പെടുന്നു. ദക്ഷിണാഫ്രിക്കൻ പര്യടനത്തിന് മുമ്പ് വിശ്രമിക്കാൻ ഏറ്റവും യോജ്യമായ സമയമാണിത്. അതിനാലാണ് വിശ്രമം ആവശ്യപ്പെട്ടത്
> - വിരാട് കൊഹ്‌ലി

■ യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബാൾ

ശക്തരിൽ ഷാക്തർ

■ മാഞ്ചസ്റ്റർ സിറ്റിയെ 2 - 1 ന് അട്ടിമറിച്ച് ഷാക്തർ ഡോണെസ്ക് പ്രീക്വാർട്ടറിൽ

■ ഈ സീസണിൽ മാഞ്ചസ്റ്റർ സിറ്റി നേരിടുന്ന ആദ്യ തോൽവി

ഷാക്തർ താരങ്ങളുടെ വിജയാഘോഷം

ഡോണെസ്ക് : ഈ സീസണിൽ ഒറ്റ മത്സരത്തിൽപോലും തോൽവിയറിയാതെ മുന്നേറിയിരുന്ന ഇംഗ്ലീഷ് ക്ലബ് മാഞ്ചസ്റ്റർ സിറ്റിയെ ഗ്രൂപ് റൗണ്ടിലെ അവസാന മത്സരത്തിൽ അട്ടിമറിച്ച് ഉക്രേനിയൻ ക്ലബ് ഷാക്തർ ഡോണെസ്ക് യുവേഫ ചാമ്പ്യൻസ് ലീഗിന്റെ പ്രീക്വാർട്ടറിൽ ഇടം നേടി.

ഡോണെസ്കിൽ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് സിറ്റിയെ കീഴടക്കിയ ഷാക്തർ ഗ്രൂപ് എഫിൽ മാഞ്ചസ്റ്റർ സിറ്റിക്ക് പിന്നിൽ രണ്ടാംസ്ഥാനക്കാരായാണ് അവസാന 16 ലേക്ക് കടന്നത്. കഴിഞ്ഞ ദിവസം ഗ്രൂപ് റൗണ്ട് മത്സരങ്ങൾ അവസാനിച്ചപ്പോൾ റയൽ മാഡ്രിഡ്, ലിവർപൂൾ, സെവിയ്യ, ബെസിക്താസ്, പോർട്ടോ, ടോട്ടൻഹാം എന്നീ ക്ലബുകളും നോക്കൗട്ടിലെത്തി.

തങ്ങളുടെ ഹോംഗ്രൗണ്ടിൽ നടന്ന മത്സരത്തിൽ ബ്രസീലിയൻ താരങ്ങളായ ബെർനാഡിന്റെയും ഇസ്മായിലിയുടെയും ഗോളുകളാണ് ഉക്രേനിയൻ ക്ലബിന് സിറ്റിക്കെതിരെ വിജയം നൽകിയത്. 26-ാം മിനിട്ടിൽ ബെർനാഡാണ് ആദ്യ ഗോൾസ്കോർചെയ്തത്.32-ാമിനിട്ടിൽഇസ്മായിലിയുംസ്കോർ ചെയ്തു. ഇൻജൂറി ടൈമിൽ സെർജി അഗ്വേറോയാണ് സിറ്റിയുടെആശ്വാസഗോൾനേടിയത്. മുൻ ബാഴ്സലോണകോച്ച്പെപ് ഗ്വാർഡിയോളയ്ക്ക് കീഴിൽ ഈ സീസണിൽ ഒറ്റത്തോൽവിപോലും വഴങ്ങാതെ മുന്നേറിയിരുന്ന മാഞ്ചസ്റ്റർ സിറ്റി ഇംഗ്ലീഷ് പ്രീമിയർ ലീഗിലും ഒന്നാംസ്ഥാനത്താണ്. എഫ് ഗ്രൂപിലെ മറ്റൊരു മത്സരത്തിൽ ഫെയ്നൂർദനോട് ഇറ്റാലിയൻ ക്ലബ്നാപ്പോളി 2 - 1 ന് തോറ്റ് പുറത്തായി.

ഗ്രൂപ് എച്ചിലെ അവസാന മത്സരത്തിൽ ബൊറൂഷ്യ ഡോർട്ട് മുണ്ടിനെ 3 - 2 ന് തോൽപ്പിച്ച നിലവിലെ ചാമ്പ്യന്മാരായ റയൽ മാഡ്രിഡ് ടോട്ടൻഹാമിന് പിന്നിൽ രണ്ടാംസ്ഥാനക്കാരായണ് നോക്കൗട്ടിൽ കടന്നത്. എട്ടാം മിനിട്ടിൽ ബോറിയ മയോറൽ, 12-ാം മിനിട്ടിൽ ക്രിസ്റ്റ്യാനോ റൊണാൾഡോ, 81-ാം മിനിട്ടിൽ ലൂക്കാസ് വാസ്ക്വേസ് എന്നിവരാണ് റയലിനായി ഗോളടിച്ചത്. ബൊറൂഷ്യയ്ക്കുവേണ്ടി ഔബമ്പയാംഗ് 43, 48 മിനിട്ടുകളിൽ സ്കോർ ചെയ്തു. ടോട്ടൻഹാം 3 - 0 ത്തിന് അപോയലീനെയാണ് തോൽപ്പിച്ചത്.ലോറെന്റെ, സൺഹ്യൂയോങ് മിൻ, എൻകൗഡു എന്നിവർ നേടിയ ഗോളുകൾക്ക് അപോയ്ലിനെ തകർത്ത ടോട്ടൻഹാം 16 പോയിന്റുമായാണ് റയലിനെ മറികടന്ന് ഗ്രൂപ് എച്ചിൽ ഒന്നാമതെത്തിയത്. റയലിന് 13 പോയിന്റേ നേടാനായുള്ളൂ.

ഗ്രൂപ് ഇയിൽ സ്പാർട്ടക് മോസ്കോവയെ 7 - 0 ത്തിന് തോൽപ്പിച്ചലിവർപൂൾ ഒന്നാമന്മാരായണ് നോക്കൗട്ടിലെത്തിയത്. ലിവർപൂളിന് വേണ്ടി ഫിലിപ്പ് കുടിഞ്ഞോ ഹാട്രിക് നേടി. മാനേ ഇരട്ട ഗോളടിച്ചു. ഫിർമിനോ, മുഹമ്മദ് സലാഹ് എന്നിവർ ഓരോ ഗോളടിച്ചു. ഗ്രൂപ് ഇയിൽ ലിവർപൂളിന് പിന്നാലെ രണ്ടാംസ്ഥാനത്ത് എത്തിയിരിക്കുന്നത് സ്പാനിഷ് ക്ലബ് സെവിയ്യവാണ്. സെവിയ്യ കഴിഞ്ഞ രാത്രി നടന്ന മത്സരത്തിൽ മാരിബോറിനോട് 1-1 ന് സമനിലയിൽ പിരിയുകയായിരുന്നു. 10-ാം മിനിട്ടിൽ മാർക്കോസ്ടവാരേസിലൂടെമാരിബോറാണ്ആദ്യംസ്കോർചെയ്തത്. 75-ാംമിനിട്ടിൽഗാൻസോയാണ്സെവിയ്യടെസമനില ഗോൾ നേടിയത്. ആറ് മത്സരങ്ങളിൽ നിന്ന് ലിവർപൂളിന് 12 പോയിന്റും സെവിയ്യയ്ക്ക് ഒമ്പത് പോയിന്റുമാണ് നേടാനായത്.

പ്രീക്വാർട്ടർ മത്സരഫിക്സ്ചർ നിർണയിക്കാനുള്ള നറുക്കെടുപ്പ് തിങ്കളാഴ്ച സ്വിറ്റ്സർലൻഡിലെ നിയോണിൽ നടക്കും.

മത്സരഫലങ്ങൾ

ഷാക്തർ 2 - മാഞ്ചസ്റ്റർ സിറ്റി 1
ടോട്ടൻഹാം 3 - അപ്പോയ്ൽ 1
റയൽ മാഡ്രിഡ് 3 - ബൊറൂഷ്യ 2
ലെയ്പ്സിഗ് 1 - ബെസിക് താസ് 2
പോർട്ടോ 5 - മൊണാക്കോ 2
മാരിബോർ 1 - സെവിയ്യ 1
ലിവർപൂൾ 7 - സ്പാർട്ടക് 0
ഫെയ്നൂർദ് 2 - നാപ്പോളി 1

പ്രീക്വാർട്ടറിലെത്തിയവർ

മാഞ്ചസ്റ്റർ യുണൈറ്റഡ്, ബാസൽ, പി.എസ്.ജി, ബയേൺ മ്യൂണിക്ക്, റോമ, ചെൽസി, ബാഴ്സലോണ, യുവന്റസ്, ലിവർപൂൾ, സെവിയ്യ, മാഞ്ചസ്റ്റർ സിറ്റി, ഷാക്തർ ഡോണെസ്ക്, ബെസിക്താസ്, പോർട്ടോ, ടോട്ടൻഹാം, റയൽ മാഡ്രിഡ്

5

ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബുകളാണ് ഇക്കുറി ചാമ്പ്യൻസ് ലീഗിന്റെ നോക്കൗട്ടിലെത്തിയിരിക്കുന്നത്. മൂന്ന് സ്പാനിഷ് ക്ലബുകളും

റെക്കാഡ് റൊണാൾഡോ

ഇന്നലെബൊറൂഷ്യയ്ക്കെതിരെഗോളടിച്ച റയൽതാരം ക്രിസ്റ്റ്യാനോ റൊണാൾഡോ ഒരു സീണിലെ ആറ് ഗ്രൂപ് മത്സരങ്ങളിലും സ്കോർ ചെയ്യുന്ന ആദ്യതാരമെന്ന റെക്കാഡ് സ്വന്തമാക്കി.



വിക്കറ്റ് വീഴ്ത്തിയ അക്ഷയ്യെ സഹതാരങ്ങൾ അഭിനന്ദിക്കുന്നു

■ രഞ്ജി ട്രോഫി ക്വാർട്ടർ ഫൈനൽ

ആദ്യം മഴയുടെ കളി, പിന്നെ കേരളത്തിന്റെയും

വിദർഭ 45/3

സൂറത്ത് : കേരളവും വിദർഭയും തമ്മിലുള്ള രഞ്ജിട്രോഫി ക്വാർട്ടർ ഫൈനലിന്റെ ആദ്യ ദിനം ഭൂരിഭാഗം സമയവും കളിച്ചത് മഴ. മഴയും നനഞ്ഞ ഗ്രൗണ്ടും കാരണം ഇന്നലെ വൈകുന്നേരത്ത് 24 ഓവർ മാത്രമാണ് കളി നടന്നത്. എന്നാൽ കിട്ടിയ സമയം കൊണ്ട് മൂന്ന് വിക്കറ്റുകൾ വീഴ്ത്തി കേരള താരങ്ങൾ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഒന്നാംദിവസം കളിനിറുത്തുമ്പോൾ 45/3 എന്ന നിലയിലാണ് വിദർഭ.

ഓഫ് സ്പിന്നർ ആദിത്യ സർവാതെയുടെ ബാക്കി പത്രമായ മഴയാണ് ഇന്നലെ കേരളത്തിന്റെ ആദ്യ രഞ്ജി ക്വാർട്ടർ വൈകിച്ചത്. ആദ്യ രണ്ട് സെഷനുകൾ നഷ്ടമായശേഷം ടോസ് നേടിയ വിദർഭ ബാറ്റിംഗിനിറങ്ങുകയായിരുന്നു. നായകനും ഈ സീസണിൽ മികച്ച പ്രകടനം കാഴ്ചവച്ച താരവുമായി ഫൈസ്സസൽ (2), ഓപ്പണർ എസ്.ആർ. രാമസ്വാമി (17), വെറ്ററൻ ബാറ്റ്സ്മാൻ വസീം ജാഫർ (12) എന്നിവരുടെ വിക്കറ്റുകളാണ് വിദർഭയ്ക്ക് ഇന്നലെ നഷ്ടമായത്. അക്ഷയ് കെ.സിയാണ് രാമസ്വാമിയെയും വസീം ജാഫറിനെയും പുറത്താക്കിയത്.

ഫസലിനെ എട്ടാം ഓവറിന്റെ അവസാന പന്തിൽ അങ്കൗ കാർത്തിക്കിന്റെ കൈയിലെത്തിച്ച് എം. ഡി. നിതീഷാണ് വിദർഭയ്ക്ക് ആദ്യ പ്രഹരമേൽപ്പിച്ചത്. തുടർന്നിറങ്ങിയ വസിം ജാഫറിനെ 17-ാം ഓവറിൽ അവയ്യുടെ ബൗളിംഗിൽ അരുൺ കാർത്തിക് തന്നെ പിടിച്ചിട്ടി. 21-ാം ഓവറിൽ രാമസ്വാമിയെയും അക്ഷയ് മടക്കി അയച്ചു. നായകൻ സച്ചിൻ ബേബിക്കായിരുന്നു ക്യാച്ച്. കളിനിറുത്തുമ്പോൾ ഗണേഷ് സതീഷ് (7), കരൺ ശർമ്മ (7) എന്നിവരാണ് ക്രീസിൽ. ഇന്നും മഴയുണ്ടാകുമെന്നാണ് കാലാവസ്ഥാറിപ്പോർട്ട്.

ആറാംദിനം

അഞ്ചുദിവസമായി നടക്കുന്ന ക്വാർട്ടർ ഫൈനലിൽ മത്സരഫലമുണ്ടായില്ലെങ്കിൽ ആറാംദിവസത്തേക്ക് കളി നീളും.

കിഡംബി ശ്രീകാന്ത് നാലാം റാങ്കിൽ

ന്യൂഡൽഹി : അന്താരാഷ്ട്ര ബാഡ്മിന്റൺ റാങ്കിംഗിൽ ഇന്ത്യൻ പുരുഷതാരം കിഡംബി ശ്രീകാന്ത് ഒരു പടവ് ഉയർന്ന് നാലാമതെത്തി. മറ്റ് ഇന്ത്യൻ താരങ്ങളായ എച്ച്.എസ്. പ്രണോയ് 10-ാം സ്ഥാനത്തും സായ് പ്രണീത് 17-ാം സ്ഥാനത്തും തുടരുകയാണ്. ഇന്ത്യൻ കൗമാരപ്രതീക്ഷയായ ലക്ഷ്യസെൻ ആദ്യമായി നൂറ് റാങ്കിനുള്ളിൽ കടന്നു. 16 കാരനായ ലക്ഷ്യ 17 പടവ് ഉയർന്ന് 89-ാം റാങ്കിലാണ് എത്തിയത്.

വനിതാ വിഭാഗത്തിൽ പി.വി. സിന്ധു മൂന്നാം റാങ്കിലും സൈന നെഹ്‌വാൾ 10-ാം റാങ്കിലും തുടരുകയാണ്.

ട്രിവാൻഡ്രം മിഡ്നൈറ്റ് മാരത്തോൺ നാളെ

തിരുവനന്തപുരം : കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന മിഡ്നൈറ്റ് മാരത്തോൺ നാളെ തിരുവനന്തപുരം മാനവീയം വീഥിയിൽനടക്കും. ട്രിവാൻഡ്രംറണ്ണേഴ്സ്ക്ലബാണ്അർദ്ധരാത്രിയിലെ മാരത്തോണിന്റെ സംഘാടകർ. ലോകത്തിന്റെ പലഭാഗത്തും പ്രചുരപ്രചാരം നേടിയ മിഡ്നൈറ്റ് മാരത്തോൺ ഇന്ത്യയിൽ ബാംഗ്ലൂരിൽ നടക്കാറുണ്ട്.

നാളെ വൈകിട്ട് മുന്നുമണിമുതൽ മാനവീയം വീഥിയിൽ മാരത്തോണിന്റെ ഭാഗമായി വിവിധ കലാ സാംസ്കാരിക പരിപാടികൾ അരങ്ങേറും. രാത്രി ഏഴുമണിക്ക് മന്ത്രിമാരും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കുന്ന ഉത്ഘാടനം നടക്കും. ബാൻഡ്. ഡി. ജെ, തെരുവുനാടകം തുടങ്ങിയ കലാപരിപാടികൾക്കൊപ്പം ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ അവയവദാനത്തെക്കുറിച്ചുള്ള ബോധവത്കരണപരിപാടിയുമുണ്ടാകും. രാത്രി 10ന് കുട്ടംബങ്ങളെ പങ്കെടുപ്പിച്ചകൊണ്ടുള്ള രണ്ട് കിലോമീറ്റർ ഫാമിലി ഫൺ റൺ നടക്കും.

രാത്രി 12നാണ്മാരത്തോണിന്റെയും ഹാഫ് മാരത്തോണിന്റെയും ഫ്ലാഗ് ഓഫ്. 42.195 കിലോമീറ്ററാണ് മാരത്തോണിന്റെ ദൂരം. മാനവീയം വീഥിയിൽ നിന്ന് തുടങ്ങി എൽ.എം.എസ്, ആയുർവേദകോളേജിന ടുത്തെത്തി തിരിഞ്ഞ് വെള്ളയമ്പലം, ശാസ്തമംഗലം വഴി മാനവീയം വീഥിയിൽ തിരിച്ചെത്തുന്നതാണ് ഒരു ലാപ്. ഫുൾമാരത്തോൺ നാലുലാപ്പാണ്. ഹാഫ് മാരത്തോൺ രണ്ട് ലാപ്പുകൊണ്ട് പൂർത്തിയാകും. പങ്കെടുക്കാനായി www.trivandrummarathon.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. നാളെ വൈകിട്ട് മൂന്ന മണിമുതൽ മാനവീയം വീഥിയിലെ വേദിയിലും രജിസ്ട്രേഷനുണ്ടാകും.

സതീവൻ ബാലൻ സന്തോഷ്ട്രോഫി കോച്ച്

തിരുവനന്തപുരം : അടുത്ത മാസം ബംഗളൂരുവിൽ നടക്കുന്ന സന്തോഷ് ട്രോഫി സൗത്ത് സോൺ ചാമ്പ്യൻഷിപിനുള്ള കേരള ടീമിന്റെ മുഖ്യപരിശീലകനായി സ്പോർട്സ് കൗൺസിൽ കോച്ചായ സതീവൻ ബാലനെ നിയമിച്ചു. മുൻ കേരളതാരം ബിജേഷ് ബെന്നാണ് അസിസ്റ്റന്റ് കോച്ച്. നാലുവർഷമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി കോച്ചായ സതീവൻ ബാലൻ ഇടുക്കി ജില്ലാസ്പോർട്സ് ഓഫീസറും കൂടിയാണ്. ദേശീയ സീനിയർ, അണ്ടർ 23 ടീമുകളുടെ സെലക്ടറാണ്. ജൂനിയർ ഇന്ത്യൻ ടീമിന്റെ പരിശീലകനായിരുന്ന ഇദ്ദേഹം 2013 - 14 സീസണിൽ കേരള സന്തോഷ് ട്രോഫി ടീമിന്റെ സഹപരിശീലകനമായിരുന്നു.

ജൂനിയർ ചെസ് ടൂർണമെന്റ്

തിരുവനന്തപുരം : കാൾസൻ ചെസ് അക്കാഡമി ജില്ലയിലെ 18 വയസിനതാഴെ പ്രായമുള്ളവർക്കായി ചെസ് ടൂർണമെന്റ് നടത്തുന്നു. നാളെ നെടുയം ശ്രീരാമകൃഷ്ണ സാംസ്കാരിക കേന്ദ്രത്തിലാണ്മത്സരം. വിശദവിവരങ്ങൾക്ക് ഫോൺ : 9048643887, 8281703127.

■ ഐ.എസ്.എൽ

ചെന്നൈയിന് ജയം

ചെന്നൈയിൻ 3 - എ.ടി.കെ 1

ചെന്നൈ : ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാളിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈയിൻ എഫ്.സി ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് നിലവിലെ ചാമ്പ്യൻമാരായ എ.ടി.കെയെ കീഴടക്കി. 65-ാം മിനിട്ടിലും ഇൻജൂറി ടൈമിലും ജെജെ ലാൽ പെഖുലയും 84-ാം മിനിട്ടിൽ ഇനിഗോ കാൾഡ്രുണമാണ് ചെന്നൈയ്ക്കുവേണ്ടിസ്കോർചെയ്തത്.77-ാമിനിട്ടിൽ സെഖീഞ്ഞ എ.ടി.കെയുടെ സീസണിലെ ആദ്യഗോൾ നേടി. ഈ വിജയത്തോടെ ചെന്നൈയിൻ പോയിന്റ് പട്ടികയിൽഒന്നാമതെത്തി.

വിരസമായ ആദ്യപകുതിക്ക് ശേഷം ജെജെ നേടിയ ആദ്യ ഗോൾ അതിമനോഹരമായിരുന്നു. ഗാവിലൻ എടുത്ത കോർണർ കിക്കിൽ നിന്നായിരുന്ന ഗോളിന്റെ തുടക്കം.പ്രതിരോധം തട്ടിയകറ്റിയ പന്ത് വീണ്ടും കിട്ടിയ ഗാവിലൻ ബോക്സിലേക്ക് ഉയർത്തി ക്രോസ് ചെയ്തു. ഈ ക്രോസിന് തലവച്ച സെറോനോയുടെ ഹെഡർ ബാറിൽ തട്ടി ജെജെയ്ക്ക് ലഭിക്കുകയായിരുന്നു. പ്രതിരോധക്കാരുടെ പിഴവ് മുതലെടുത്താണ് സെഖീഞ്ഞ കളി സമനിലയിലാക്കിയത്. ഈ പ്രതിരോധ പിഴവിന് പ്രായശ്ചിത്തമെന്നോണമാണ് 84-ാം മിനിട്ടിൽ കാൾഡ്രുൺ ചെന്നൈയിനെ വീണ്ടും മുന്നിലെത്തിച്ചത്. ഒടുവിൽ ജെജെ ചെന്നൈയിൻ ജയം ആധികാരികമാക്കി.

ഇന്നത്തെ മത്സരം

നോർത്ത് ഈസ്റ്റ് Vs ബംഗ്ലൂരു